**KOLLAM CITY POLICE**
https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 11/01/ 2022

# രാത്രി വീട്ടിൽ കയറി യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ രണ്ട് പേർ പോലീസ് പിടിയിലായി

കൊല്ലം : രാത്രി വീട്ടിൽ കയറി യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ രണ്ട് പേരെ കൂടി പോലീസ് പിടികൂടി. ഇക്കഴിഞ്ഞ ഞായറാഴ്ച രാത്രി കലയ്ക്കോട് വായനശാലയ്ക്ക് സമീപമുള്ള വീട്ടിലാണ് ആക്രമണം നടന്നത്. പൂതക്കുളം കലയ്ക്കോട് വരമ്പിട്ട വിള വീട്ടിൽ നാഗരാജൻ മകൻ നന്ദു (28), കലയ്ക്കോട് തെക്കേ



നന്ദു



വിഷ്ണു

കല്ലഴികം വീട്ടിൽ രാധാകൃഷ്ണൻ മകൻ വിഷ്ണു (27) എന്നിവരാണ് കൊലപാതക ശ്രമത്തിന് പോലീസ് പിടിയിലായത്. സംഘത്തിലെ സെബാസ്റ്റ്യൻ എന്നയാളെ കഴിഞ്ഞ ദിവസം പോലീസ് പിടികൂടിയിരുന്നു, ഇവർ ഞായറാഴ്ച വൈകുന്നേരം കലയ്ക്കോട് വായനശാല മുക്കിന് സമീപമുള്ള ദീപുവെന്നയാളുമായി വാക്ക് തർക്കത്തിൽ ഏർപ്പെട്ടിരുന്നു. തുടർന്ന് സ്ഥലത്ത് നിന്നും മടങ്ങിയ ഇവർ രാത്രി പത്തരയോടെ തിരികെ കലയ്ക്കോട് കിഴക്കുംകരയുള്ള ദീപുവിന്റെ ചെറുകര വീട്ടിലെത്തി കതക് തള്ളിതുറന്ന് ദീപുവിനെ ആക്രമിക്കുകയായിരുന്നു. തലയ്ക്കും കാലിനും കൈക്കും പരിക്കേറ്റ ദീപുവിന്റെ കൈയുടെ അസ്ഥിക്ക് ഓടിവും സംഭവിച്ചിട്ടുണ്ട്. ഇയാൾ പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ചികിത്സയിൽ തുടരുകയാണ്. പാരിപ്പള്ളി ഇൻസ്പെക്ടർ എ.അൽജബറിന്റെ നേതൃത്വത്തിൽ പരവൂർ എസ്സ്.ഐ മാരായ നിതിൻ നളൻ, നിസാം, വിജയകുമാർ, എ.എസ്.ഐ മാരായ പ്രദീപ്, അജയൻ, സി.പി.ഓ മാരായ സായിറാം, പ്രോംലാൽ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. ഇവരെ റിമാന്റ് ചെയ്തു.